ഒന്നാംഘട്ടം എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ചെത്തി, ചെല്ലാനം എന്നിവയുടെ രണ്ടാംഘട്ട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനുള്ള കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി സ്വീകരിച്ചുവരുന്നു. ചാവക്കാട്, ചെറുവത്തൂർ എന്നീ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള ദ്രുതഗതിയിലുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. രണ്ട് ഹാർബറിന്റെയും നിർമ്മാണം ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്.

(ബി) സംസ്ഥാനത്ത് ഇനിയും പുതുതായി ഒൻപത് മത്സ്യബന്ധന തുറമുഖങ്ങൾ കൂടി ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇവയിൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, താനൂർ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ സ്ഥാപിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളും മാതൃകാ പഠനവും പൂർത്തിയാക്കി കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കൊല്ലം ജില്ലയിലെ തെക്കൻ പരവൂർ, തിരുവനന്തപുരം ജില്ലയിലെ ചിലക്കൂർ (വർക്കല), വലിയതുറ എന്നീ ഫിഷിംഗ് ഹാർബറുകൾ തുടങ്ങുന്നതിന് ഭരണാനുവാദം നൽകിയതിൻപ്രകാരം അന്വേഷണ ഗവേഷണ പഠനപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മത്സ്യഭവനുകളുടെ പുനഃസംഘടന

223 (1981) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഫിഷറീസ് വകുപ്പിലെ മത്സ്യഭവനുകളുടെ പുനഃസംഘടന നടത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിന്റെ സ്പെഷ്യൽ റൂൾ ഭേദഗതിയുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യഭവനുകളുടെ പുനഃസംഘടന ഈ സർക്കാരിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് പൂർത്തിയാക്കുമോ ;

(സി) സുനാമി പുനരധിവാസ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിലായി 69 പേർ കടൽ സുരക്ഷാ സേനയിലേക്ക് ട്രെയിനിംഗ് കഴിഞ്ഞ് നിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ട്രെയിനിംഗ് കഴിഞ്ഞുനിൽക്കുന്ന ഇവർക്ക് ജോലി നൽകാൻ പദ്ധതിയുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മത്സ്യഭവനുകളുടെ പുനഃസംഘടനയ്ക്ക് നിർദ്ദേശിക്കപ്പെട്ട പുതിയ സ്പെഷ്യൽ റൂളിന്റെ കരട് പരിശോധിച്ചുവരുന്നു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എത്രയും വേഗം നടപ്പാക്കാനുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 9 ജില്ലകളിലായി 60 പേരെ ഗോവയിലെ "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ്" എന്ന സ്ഥാപനത്തിൽ ട്രെയിനിംഗിന് അയയ്ക്കുകയുണ്ടായി. അതിൽ 59 പേർ വിജയകരമായി ട്രെയിനിംഗ് പൂർത്തിയാക്കുകയും അവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

(ഡി) അഞ്ച് ഫിഷറീസ് സ്റ്റേഷനുകളിലായി 2 പേരെ വീതം റസ്ക്യൂ ഗാർഡുകളായി നിയോഗിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

224 (1982) ശ്രീ. കെ. കെ. ഷാജു :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് പ്രയാസപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നടപടി ഉണ്ടാകുമോ :

(ബി) മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളെ ഋണബാധ്യതയിൽ നിന്ന് വിമുക്തരാക്കാൻ നടപ്പാക്കുന്ന മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൽ നിന്ന് വ്യത്യസ്തമായി ഒരു ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്ന കാര്യം ആലോചനയിലില്ല.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും മത്സ്യഫെഡും ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾക്കുപുറമേ താഴെപ്പറയുന്ന പദ്ധതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

1. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന പദ്ധതി
2. മാരകരോഗ ചികിത്സാ ധനസഹായ പദ്ധതി നിലവിൽ നൽകി വരുന്ന പരമാവധി സാമ്പത്തിക സഹായം 50,000 രൂപയിൽ നിന്നും 60,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം
3. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണത്തിൽ ധനസഹായം നൽകുന്ന പദ്ധതി ധനസഹായം 600 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം
4. അസുഖംമൂലവും അവശത മൂലവും മറ്റ് തൊഴിലുകൾ എടുക്കാൻ കഴിയാതെ അവശത അനുഭവിക്കുന്നവർക്കുള്ള പെൻഷൻ സർക്കാരിന്റെ മിനിമം പെൻഷൻ നിരക്കിൽ നൽകുന്ന കാര്യം
5. മത്സ്യത്തൊഴിലാളി/അനുബന്ധതൊഴിലാളികളുടെ പെൺമക്കളുടെ വിവാഹ ധനസഹായം 1,500 രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം

LIBRARY ARCHIVES Kerala Legislative Assembly